# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3230** **24/02/2016-ൽ മറുപടിയ്ക്ക്**

## തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിന് പദ്ധതി

| ചോദ്യം<br>ശ്രീ. എ. എം. ആരിഫ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | എ) തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 ൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ തുമ്പൂർ മൂഴി മാതൃകയിലുള്ള എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് 20.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി കൊല്ലം കോർപ്പറേഷന് പദ്ധതി തുക കൈമാറുകയും ചെയ്തു. കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14 ൽ ഉൾപ്പെടുത്തി അടിമലത്തുറയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 28.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയ്ക്കായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.<br><br>എന്നാൽ വ്യക്തിഗത മാലിന്യ നിർമ്മാർജ്ജനത്തിലൂടെ ശുചിത്വമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ പബ്ലിക് ടോയ്‌ലറ്റുകളും നിർമ്മിച്ചു നൽകുന്നുണ്ട്. |

## വ്യക്തിഗത ടോയിലറ്റ് നിർമ്മാണ ധന സഹായ പദ്ധതി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാതൃകാ മത്സ്യ ഗ്രാമം യൂണിറ്റ് കോസ്റ്റ് 20,000/- രൂപ | 5450 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് യൂണിറ്റ് കോസ്റ്റ് 17,500/- രൂപ | 2762 |
| 3 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യൂണിറ്റ് കോസ്റ്റ് 17,500/- രൂപ | 3013 |
| 4 | മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും യൂണിറ്റ് കോസ്റ്റ് 17,500/- രൂപ | 3600 |
| | ആകെ | 14,825 |

മേൽ പറഞ്ഞത് കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3525 എണ്ണം വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

## പബ്ലിക് ടോയ്‌ലറ്റുകൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആ്യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2012-13) ,(2013-14), (2014-15) | 34 |
| 4 | മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) | 1 |
| | ആകെ | 35 |

**സെക്ഷൻ ആഫീസർ**